കളുടെ സഹകരണത്തോടെ ലൈബ്രറി സയൻസിലും മാനേജ്മെൻറിലും ടീച്ചർ–ലൈബ്രേറിയന് പരിശീലനം നൽകുക. എസ്. എസ്. എ. ഫണ്ടിൽനിന്നും യു. പി. സ്കൂളിന് 2000 രൂപയും എൽ. പി. സ്കൂളിന് 1000 രൂപയും റഫറൻസ് ഗ്രന്ഥങ്ങൾ വാങ്ങുന്നതിന് ഗ്രാൻറ് നൽകുക, പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കുക ഇവയാണ് സ്കൂൾ ലൈബ്രറികളുടെ നവീകരണത്തിനായി നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രധാന കാര്യങ്ങൾ.

(ബി) സാമ്പത്തിക ബാദ്ധ്യതയുള്ള കാര്യമായതിനാൽ തൽക്കാലം നിവൃത്തിയില്ല.

കൊണ്ടോട്ടി വാഴക്കാട് ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള ടെക്നിക്കൽ സ്കൂൾ അപ്ലൈഡ് സയൻസ് കോളേജാക്കി മാറ്റാൻ നടപടി

189 [1558] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴക്കാട് ഐ. എച്ച്. ആർ. ഡി. യുടെ കീഴിലുള്ള ടെക്നിക്കൽ സ്കൂൾ അപ്ലൈഡ് സയൻസ് കോളേജാക്കി മാറ്റണമെന്ന ശക്തമായ ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആൻറ് ബി) 2005-06 അദ്ധ്യയന വർഷത്തിൽ ഐ. എച്ച്. ആർ. ഡി. യുടെ കീഴിൽ വാഴക്കാട് ഒരു അപ്ലൈഡ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ കോളേജ് താൽക്കാലികമായി വാഴക്കാട് ടെക്നിക്കൽ ഹയർ സെക്കൻററി സ്കൂൾ കാമ്പസിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കോളേജിനെ കോഴിക്കോട് യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്യുന്നതിനുള്ള നടപടികളും പൂർത്തിയായി വരുന്നു.

യു. ജി. സി. സ്പെഷ്യൽ ഓഫീസർ

190 [1559] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെൻറ് കോളേജുകളുടെ വികസനത്തിന് യു. ജി. സി. യുമായി നേരിട്ട് ബന്ധം പുലർത്തിയിരുന്ന സ്പെഷ്യലാഫീസറുടെ തസ്തിക നികത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഈ തസ്തികയിൽ എന്നു മുതലാണ് ഒഴിവു വന്നത്;

(സി) ഈ തസ്തിക ഒഴിഞ്ഞു കിടക്കുന്നതുമൂലം ഫാക്കൽറ്റി ഇംപ്രൂവ്മെൻറ് പ്രോഗ്രാമിന് പോകുന്ന അദ്ധ്യാപകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) യു. ജി. സി. സ്പെഷ്യൽ ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനുവേണ്ട നിർദ്ദേശം ഗവൺമെൻറിലെ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് പരിശോധിച്ചു വരികയാണ്.

(ബി) 31-6-2002 മുതൽ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞു കിടക്കുന്ന ഗവൺമെൻറ് കോളേജുകൾ

191 [1561] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ:
,, കെ. വി. കുഞ്ഞിരാമൻ:
,, വി. കെ. സി. മമ്മത് കോയ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ഗവൺമെൻറ് കോളേജുകളിലാണ് പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞുകിടക്കുന്നത്;

(ബി) ഈ ഒഴിവുകൾ നികത്താൻ നിയമനം നടത്താതിരിക്കുവാനുള്ള കാരണം എന്ത്;

(സി) ഈ ആവശ്യം ഉന്നയിച്ച് ഗവൺമെൻറ് കോളേജ് അദ്ധ്യാപകരുടെ സംഘടനയായ എ. കെ. ജി. സി. ടി. എ. നടത്തുന്ന സമരം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നത്തിന് എന്നത്തേക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) സംസ്ഥാനത്തെ ഗവൺമെൻറ് കോളേജുകളിൽ എത്ര അദ്ധ്യാപക തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്; വകുപ്പുതിരിച്ചുള്ള കണക്ക് നൽകാമോ?

ഉത്തരം

(എ) പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞുകിടക്കുന്ന കോളേജുകൾ:

സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽ

1. യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
2. മഹാരാജാസ് കോളേജ്, എറണാകുളം
3. ഗവൺമെൻറ് സംസ്കൃത കോളേജ്, പട്ടാമ്പി
4. ഗവൺമെൻറ് വിക്ടോറിയ കോളേജ്, പാലക്കാട്
5. ഗവൺമെൻറ് കോളേജ്, ചിറ്റൂർ
6. ഗവൺമെൻറ് ബ്രണ്ണൻ കോളേജ്, തലശ്ശേരി

പ്രിൻസിപ്പൽ

7. ഗവൺമെൻറ് കോളേജ്, മണിമലക്കുന്ന്
8. ,, ,, മൂന്നാർ
9. ,, ,, കട്ടപ്പന
10. ,, ,, ചാലക്കുടി
11. ,, ,, കാസർഗോഡ്
12. ,, ,, മാനന്തവാടി

LIBRARY ARCHIVES Kerala Legislative Assembly